**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4395** **01-07-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതിയിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | **സംസ്ഥാനത്ത് 18.06.2024 വരെ 2286 അവയവമാറ്റ ശസ്ത്രക്രിയകൾ ഉൾപ്പെടെ 6,40,628 ചികിത്സാ ക്ലെയിമുകൾക്ക് 1315.07 കോടി രൂപയുടെ അംഗീകാരവും ആയതിൽ 1294കോടി രൂപ ആശുപത്രികൾക്ക് നൽകി claim settlement 97.7% ആയി ഉയർത്തിയിട്ടുണ്ട്. ചുവടെ വ്യക്തമാക്കിയിട്ടുള്ള രീതിയിൽ വിവിധ ചികിത്സ ആനുകൂല്യം ലഭ്യമാക്കി കഴിഞ്ഞിരിക്കുന്നു (മെഡിസെപ് വെബ് പോർട്ടൽ ഡാഷ് ബോർഡ്). 3 വർഷ പദ്ധതി കാലയളവിൽ (ജൂലൈ 2022 – ജൂൺ 2025) കരൾ മാറ്റിവയ്ക്കൽ, വൃക്ക മാറ്റിവയ്ക്കൽ, അസ്ഥി മജ്ജ മാറ്റിവയ്ക്കൽ തുടങ്ങിയ 12 ഇന അവയവമാറ്റ ശസ്ത്രക്രിയകൾക്കായി പ്രതിവർഷ പ്രീമിയം വിഹിതത്തിൽ നിന്നും ഇൻഷുറൻസ് കമ്പനി കോർപ്പസ് ഫണ്ടിനത്തിൽ നീക്കിവെച്ചിരുന്ന 35 കോടി തീർന്ന മുറയ്ക്ക് ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രതിമാസ മെഡിസെപ് പ്രീമിയം വിഹിതമായ 500/- രൂപയിൽ നിന്നും ഇൻഷുറൻസ് കമ്പനിക്ക് നൽകേണ്ട 472/- രൂപ കഴിഞ്ഞിട്ടുള്ള 28/- രൂപ നീക്കിയിരുപ്പാക്കിയ കോർപ്പസ് ഫണ്ടിൽ നിന്നും നാളിതുവരെ ഇൻഷുറൻസ് കമ്പനിക്ക് 27.21 കോടി രൂപ കൂടി അധികമായി അനുവദിക്കുകയുണ്ടായി.**<br><br>**എംപാനൽ ചെയ്യാത്ത ആശുപത്രികളിൽ തേടിയ അടിയന്തിര ചികിത്സകളായ ഹൃദയാഘാതം, പക്ഷാഘാതം, റോഡപകടം എന്നീ വിഭാഗങ്ങളിൽ ചികിത്സ തേടിയവർ** |

**സമർപ്പിച്ച റീഇംപേഴ്‌സ്‌മെന്റ് അപേക്ഷകളിന്മേൽ 3.99 കോടി രൂപ ഇൻഷുറൻസ് കമ്പനി അനുവദിച്ച് നൽകിയിട്ടുണ്ട്. മൂന്നാം പോളിസി വർഷത്തിലേക്ക് മെഡിസെപ് പദ്ധതി കടക്കുന്ന ഈ സാഹചര്യത്തിൽ വിവിധ മേഖലകളിൽ നിന്നും സർവ്വീസ് സംഘടനകളിൽ നിന്നും ജീവനക്കാർ/ പെൻഷൻകാർ തുടങ്ങിയ ഗുണഭോക്താക്കളിൽ നിന്നും ലഭ്യമാകുന്ന ആശങ്കകൾ, പരാതികൾ എന്നിവ സമയബന്ധിതമായി ത്രിതല പരാതി പരിഹാര തലങ്ങളിൽ [**(I) ജില്ലാതല പരാതി പരിഹാര കമ്മിറ്റി (DGRC), (ii) സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റി (SGRC), **(iii) അപ്പലേറ്റ് അതോറിറ്റി] പരിഹരിച്ചും പദ്ധതിയിൽ ഇനിയും എംപാനൽ ചെയ്യുവാനുള്ള സംസ്ഥാനത്തെ വിവിധ ആശുപത്രികളെ എംപാനൽ ചെയ്യുവാനും ഇൻഷുറൻസ് ക്ലെയിമുകളുമായി ബന്ധപ്പെട്ട വിവിധ പരാതികൾ ഇൻഷുറൻസ് കമ്പനിയുടെ തലത്തിൽ തീർപ്പാക്കേണ്ട നിർദ്ദേശങ്ങളും കമ്പനിയുമായി നടത്തിവരാറുള്ള ദ്വൈവാര അവലോകന യോഗങ്ങളിൽ നൽകി വരാറുണ്ട്.**

**മെഡിസെപ് ൽ നാളിതുവരെ സമീപ സംസ്ഥാനങ്ങളിലെ 12 ആശുപത്രികൾ ഉൾപ്പെടെ ആകെ 553 ആശുപത്രികൾ ഉൾപ്പെടുത്തിയിട്ടുള്ളതിൽ 396 പ്രൈവറ്റ് ആശുപത്രികളും 145 ഗവൺമെന്റ് ആശുപത്രികളും ഉൾപ്പെടുന്നു.**

ആശുപത്രികളുടെ എണ്ണം കുറവുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുള്ള ജില്ലകളിൽ താലൂക്കടിസ്ഥാനത്തിൽ കൂടുതൽ ആശുപത്രികളെ എമ്പാനാൽ ചെയ്യുക, കൂടുതൽ ആശുപത്രികളെയും/ വിഭാഗങ്ങളെയും എംപാനൽ ചെയ്യുക, പരാതി പരിഹാര സംവിധാനം കൂടുതൽ ശക്തമാക്കുക എന്ന് തുടങ്ങി മെച്ചപ്പെട്ട സേവനം ജീവനക്കാർക്കും പെൻഷൻകാർക്കും അവരുടെ ആശ്രിതർക്കും മെഡിസെപ്പിലൂടെ നൽകുക എന്ന ലക്ഷ്യത്തിനായി സർക്കാരും, ഇൻഷുറൻസ് കമ്പനിയും, സർക്കാർ/ സ്വകാര്യ ആശുപത്രികളിലെ മേധാവികളും ചേർന്നുള്ള അവലോകന യോഗങ്ങളും മറ്റു നടപടികളും

| | | | |
|---|---|---|---|
| | | | തുടർന്നു വരുന്നു. മറ്റ് ഇൻഷ്വറൻസ് പദ്ധതികളെ അപേക്ഷിച്ച് മെഡിസെപ്പിലെ ക്ലെയിം റിജെക്ഷൻ 4 ശതമാനത്തിൽ താഴെ മാത്രമാണ് എന്നുള്ളതും പദ്ധതിയുടെ മേൻമയായി കാണാവുന്നതാണ്. |
| (ബി) | ഇതുവരെ മെഡിസെപ്പുമായി ബന്ധപ്പെട്ട് എത്ര ക്ലെയിമുകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര ക്ലെയിമുകൾ അംഗീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | മെഡിസെപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ 6,70,557 ക്ലെയിമുകൾ ലഭിക്കുകയും ആയതിൽ 6,40,628 ക്ലെയിമുകൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ നിന്നും സർക്കാർ പണം എടുക്കുന്നുവെന്ന വസ്തുതാവിരുദ്ധമായ പ്രസ്താവനകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ഇല്ല |
| (ഡി) | മെഡിസെപ് പദ്ധതിയെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനും കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | മെഡിസെപ് പദ്ധതിയെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനും കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ